The Kerala State Higher Education Council
Equity Excellence

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

The KSHEC Constituted by Kerala State Legislature by notification No. 19536/Leg.Uni.3/2007/Law

ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്, വികാസ് ഭവൻ . പി. ഒ., തിരുവനന്തപുരം - 695033
വെബ്സൈറ്റ്: www.kshec.kerala.gov.in ഫോൺ: 0471 2301290/91/92/93/97/98 ഫാക്സ് : 0471 2301290

No. KSHEC-A1/103/Est.Deptn.Gen./2026 **07/09/2026**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ - ഡെപ്യൂട്ടേഷൻ നിയമനം

പുനർവിജ്ഞാപനം

തിരുവനന്തപുരം: കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഒഴിവുള്ള ഡോക്യുമെന്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സർവകലാശാലകൾ/ കോളേജുകൾ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് ലൈബ്രേറിയനായി ജോലി ചെയ്യുന്ന യു.ജി.സി യോഗ്യതയുള്ള ജീവനക്കാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃസ്ഥാപനത്തിൽ നിന്നുള്ള നിരാക്ഷേപ പത്രം (NOC), നിശ്ചിത യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് heckerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കാവുന്നതാണ്. അസ്സൽ അപേക്ഷയും അനുബന്ധരേഖകളും 14/09/2026 വൈകിട്ട് 5 മണിക്കകം താഴെകാണുന്ന മേൽവിലാസത്തിൽ ലഭ്യമാകുന്നവിധം തപാൽ മാർഗ്ഗം അയയ്ക്കേണ്ടതാണ്.
ഇതേ തസ്തികയിലേയ്ക്ക് നിയമനത്തിനായി 18/07/2026, 07/08/2026 തീയതികളിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങൾപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല.

അപേക്ഷ അയയ്ക്കേണ്ട വിലാസം :

രജിസ്ട്രാർ
കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ,
സയൻസ് & ടെക്നോളജി മ്യൂസിയം ക്യാമ്പസ്,
പി.എം.ജി, വികാസ് ഭവൻ.പി.ഒ.,
തിരുവനന്തപുരം - 33

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി : 14/09/2026

രജിസ്ട്രാർ